LIBRARY ARCHIVES Kerala Legislative Assembly

ഇലക്ട്രിക് വാഹനങ്ങൾ

8 (*248) ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. ജോബ് മൈക്കിൾ:
ഡോ. എൻ. ജയരാജ്:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) ഇന്ധനവില കുതിച്ചുയരുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് ഇലക്ട്രിക് വാഹനങ്ങൾ കൂടുതലായി നിരത്തിലിറക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഫോസിൽ ഇന്ധനങ്ങളുടെ വില നാൾക്കുനാൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിലും അതിന്റെ പാരിസ്ഥിതിക പ്രശ്നങ്ങളും കണക്കിലെടുത്തും ഹരിത ഊർജ്ജം ഉപയോഗിക്കുന്ന വാഹനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെയും ഭാഗമായി 10-3-2019-ലെ ജി.ഒ. (എംഎസ്.)നമ്പർ 24/2019/ട്രാൻസ് പ്രകാരം 'ഇലക്ട്രിക്ക് വെഹിക്കിൾ പോളിസി' (വൈദ്യുത വാഹന നയം) രൂപീകരിച്ചു ഉത്തരവായിട്ടുണ്ട്. ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി ഇത്തരം വാഹനങ്ങളുടെ നികുതിയിൽ ഇളവുനൽകുകയും ഇലക്ട്രിക് ആട്ടോറിക്ഷകൾക്ക് സബ്സിഡി അനുവദിക്കുകയും ചെയ്തുവരുന്നു. കെ.എസ്.ആർ.ടി.സി 50 ഇലക്ട്രിക് ബസുകൾകൂടി കിഫ്ബി ഫണ്ടുപയോഗിച്ച് വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആയത് പരീക്ഷണാടിസ്ഥാനത്തിൽ ഉപയോഗിച്ചതിനുശേഷം കൂടുതൽ വാഹനങ്ങൾ വാങ്ങുന്ന കാര്യം ആലോചിക്കുന്നതാണ്. ഇ-മൊബിലിറ്റി, ഇലക്ട്രിക്ക് വെഹിക്കിൾ ചാർജിംഗ് ഇൻഫ്രാസ്ട്രക്ചർ എന്നിവയുടെ പ്രയോജനങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി " ഗോ ഇലക്ട്രിക്ക് ക്യാമ്പയിൻ" എന്ന പേരിൽ ഒരു വർഷം നീണ്ടുനിൽക്കുന്ന ക്യാമ്പയിൻ എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി) നടത്തുന്നു. ഇ.എം.സി. നടത്തുന്ന " Go Electric" ക്യാമ്പയിനിന്റെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ/അർദ്ധ സർക്കാർ ഉദ്യോഗസ്ഥർക്ക് കുറഞ്ഞ വിലയിൽ ഇലക്ട്രിക്ക് 2 വീലർ വാഹനങ്ങൾ വാങ്ങുവാനുള്ള സൗകര്യം ഒരുക്കുന്നു. കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെകീഴിലുള്ള എനർജി എഫിഷ്യൻസി സർവീസസ് ലിമിറ്റഡിന്റെ അനുബന്ധ സ്ഥാപനമായ കൺവെർജെൻസ് എനർജി സർവീസ് ലിമിറ്റഡും (സി.ഇ.എസ്.എൽ.) ഇ.എം.സി.-യും ചേർന്നാണ് പദ്ധതി നടത്തുവാൻ ഉദ്ദേശിക്കുന്നത്. ഇതുകൂടാതെ സർക്കാർ സ്ഥാപനങ്ങൾക്ക് ഇലക്ട്രിക് കാറുകൾ വാടകയ്ക്ക് നൽകുന്നതിന് ഇലക്ട്രിക്ക് വാഹനങ്ങളുടെ നിർമ്മാതാക്കളിൽനിന്നും എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ക്ഷണിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഉയർന്നുവരുന്ന

പെട്രോൾ, ഡീസൽ വില വർദ്ധനവുമൂലം പ്രയാസം നേരിടുന്ന ഓട്ടോറിക്ഷ ഡ്രൈവർമാർക്ക് ഇതിൽ നിന്നും മുക്തി നേടുന്നതിന് കുറഞ്ഞ വിലയിൽ ഇലക്ട്രിക്ക് ഓട്ടോറിക്ഷ നൽകുന്നതിനുള്ള പദ്ധതി ഇ.എം.സി. വിഭാവനം ചെയ്തുവരുന്നു. കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ കീഴിലുള്ള എനർജി എഫിഷ്യൻസി സർവീസസ് ലിമിറ്റഡിന്റെ അനുബന്ധ സ്ഥാപനമായ കൺവെർജെൻസ് എനർജി സർവീസസ് ലിമിറ്റഡും (സി.ഇ.എസ്.എൽ.) ചേർന്നാണ് ഇ.എം.സി. ഈ പദ്ധതി നടത്തുവാൻ ഉദ്ദേശിക്കുന്നത്.

(ബി) പ്രസ്തുത പദ്ധതിയിൽ ഇലക്ട്രിക് വാഹനങ്ങളുടെ വാഹന നികുതിയിൽ ഇളവ് നൽകുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

22-4-2020-ലെ സർക്കാർ ഉത്തരവ് G.O.(P)21/2020/Trans dated പ്രകാരം 1-4-2020 മുതൽ രജിസ്റ്റർ ചെയ്യുന്ന ഇലക്ട്രിക് ആട്ടോറിക്ഷകളുടെ നികുതി, രജിസ്ട്രേഷൻ തീയതി മുതൽ ആദ്യത്തെ അഞ്ചു വർഷത്തേയ്ക്ക് പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. മാത്രമല്ല ഇത്തരം വാഹനങ്ങളെ പെർമിറ്റ് എടുക്കുന്നതിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. സർക്കാർ ഉത്തരവ് G.O.(P) No.12/2021/Trans 23-2-2021-ലെ in SRO No.231/2021, പ്രകാരം 1-4-2021 മുതൽ രജിസ്റ്റർ ചെയ്യുന്ന സ്വകാര്യ ആവശ്യത്തിനുള്ള വാഹനങ്ങളുടെ ഒറ്റത്തവണ നികുതിയിൽ രജിസ്ട്രേഷൻ തീയതി മുതൽ ആദ്യത്തെ അഞ്ചു വർഷത്തെ തുകയുടെ 50% ഇളവ് അനുവദിച്ചിട്ടുണ്ട്.

(സി) ഇലക്ട്രിക് വാഹനങ്ങൾ കൂടുതലായി നിരത്തിലിറക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് കൂടുതൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

സംസ്ഥാനത്ത് ഇലക്ട്രിക് വാഹനങ്ങളുടെ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി.എൽ.-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിലേയ്ക്കായി ഇ-മൊബിലിറ്റി ഫണ്ടിൽനിന്നും 5 കോടി രൂപ കെ.എസ്.ഇ.ബി.എൽ.-നെ നൽകിയിട്ടുണ്ട്. ഇതിൻപ്രകാരം 6 സ്റ്റേഷനുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാകുകയും 26 കേന്ദ്രങ്ങളിൽ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിക്കുകയുമാണ്. പൊതു നിരത്തുകളിൽ വൈദ്യുത വാഹനങ്ങൾക്ക് റീ ചാർജ്ജിംഗ്സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി ദേശീയ, സംസ്ഥാന പാതകൾ ഉൾപ്പെടെയുള്ള പ്രധാന റോഡുകൾക്കുസമീപം ചാർജിംഗ്സ്റ്റേഷനുകൾ അനെർട്ട് മുഖേനയും സ്ഥാപിച്ചുവരുന്നു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം എന്നീ ജില്ലകളിലായി ആകെ 6 ചാർജിംഗ്സ്റ്റേഷനുകൾ സ്ഥാപിച്ചുകഴിഞ്ഞു. ഇടുക്കി, തൃശ്ശൂർ, പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ 5 ജില്ലകളിൽ ഓരോ ചാർജിംഗ്സ്റ്റേഷനുകൾ സ്ഥാപിക്കുന്ന പ്രവൃത്തി അവസാനഘട്ടത്തിലാണ്. എനർജി എഫിഷ്യൻസി സർവ്വീസ് ലിമിറ്റഡ്

LIBRARY ARCHIVES Kerala Legislative Assembly

(E.E.S.L) എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനവുമായി ചേർന്ന് സംസ്ഥാനത്ത് കൂടുതൽ പബ്ലിക് ഇ.വി. ഫാസ്റ്റ് ചാർജിംഗ്സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അനെർട്ട് നടത്തിവരുന്നു. സർക്കാർ വകുപ്പുകളുടെയോ, പൊതു മേഖല സ്ഥാപനങ്ങളുടെയോ ഉടമസ്ഥതയിൽ പ്രധാന റോഡുകളുടെ സമീപം കുറഞ്ഞത് 5 സെന്റ് സൗകര്യപ്രദമായ സ്ഥലം 10 വർഷ കരാർ കാലാവധിയിൽ ലഭ്യമാണെങ്കിൽ ചാർജിംഗ്സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി അനെർട്ട് സ്വീകരിക്കുന്നതാണ്. ഒരു യൂണിറ്റിന് 70 പൈസ നിരക്കിൽ തറവാടക ബന്ധപ്പെട്ട സ്ഥാപനത്തിന് നൽകുന്നതാണ്. സ്വകാര്യ ഹോട്ടലുകൾ, മാളുകൾ, മറ്റു പാർക്കുകൾ എന്നിവിടങ്ങളിൽ സ്ഥാപിക്കുന്ന ചാർജിംഗ്സ്റ്റേഷനുകളിൽ സോളാർ വൈദ്യുതി പ്ലാന്റ് സ്ഥാപിക്കുന്നതിന് മുൻഗണനക്രമത്തിൽ അനെർട്ട് സബ്സിഡി അനുവദിക്കുന്നതിനുള്ള പദ്ധതി ഈ വർഷം നടപ്പിലാക്കുന്നതാണ്.

(ഡി) ഇലക്ട്രിക് വാഹനങ്ങൾ വാങ്ങുന്നതിന് വായ്പയെടുക്കുന്നവർക്ക് പലിശ സബ്സിഡി നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഇലക്ട്രിക് ആട്ടോറിക്ഷകൾ വാങ്ങുന്നതിന് 30,000 രൂപ വരെ സബ്സിഡി അനുവദിക്കുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ പദ്ധതി പ്രകാരം ഇലക്ട്രിക് ബസ്സുകൾ ലീസ് അടിസ്ഥാനത്തിൽ ലഭ്യമാക്കുന്നതിന് കിലോമീറ്റർ അടിസ്ഥാനത്തിൽ സബ്സിഡി ലഭ്യമാണ്. കൂടാതെ പലിശ സബ്സിഡി നൽകുന്നതിനുള്ള പദ്ധതികളും ആവിഷ്കരിച്ചുവരികയാണ്.

സർവ്വകലാശാലകളിലെ പരീക്ഷാഫലം

9 (*249) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. ടി. തോമസ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. സന്ദീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളിൽ പരീക്ഷാഫലം സമയബന്ധിതമായി പ്രസിദ്ധീകരിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കോവിഡ് കാലത്തുപോലും പരീക്ഷ സമയബന്ധിതമായി പൂർത്തിയാക്കാൻ നിഷ്കർഷിക്കുന്ന സർവ്വകലാശാലകൾ പരീക്ഷാഫലം സമയ ബന്ധിതമായി പ്രസിദ്ധീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly